# കേരള സർക്കാർ ജലസേചന വകുപ്പ്
# ടെണ്ടർ നോട്ടീസ്

നമ്പർ. 94/ഇഇ/2017-18 തിയ്യതി: 27-03-2018

കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവൃത്തികൾക്ക് കേരള ജലസേചന/പൊതുമരാമത്ത് വകുപ്പിൽ റജിസ്ട്രേഷനുള്ള അർഹരായ കരാറുകാരിൽ നിന്നും പണിയുടെ പേരെഴുതി മുദ്ര വച്ച പ്രത്യേകം കവറുകളിൽ മത്സരാടിസ്ഥാനത്തിൽ ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ടി. ദർഘാസുകൾ താഴെ പറയുന്ന ദിവസം ഉച്ച കഴിഞ്ഞ് 3.00-ന് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അന്നേ ദിവസം സന്നിഹിതരായിരിക്കുന്ന കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ചീഫ് എഞ്ചിനീയർ, പ്രോജക്റ്റ്-II, തിരുവനന്തപുരം 18-6-04-ലെ സർക്കുലർ നമ്പർ 3759/04/CIR അനുസരിച്ച് ഇനി മുതൽ ഇന്ത്യൻ തപാൽ വകുപ്പ് റജിസ്റ്റേഡ്/ സ്പീഡ് പോസ്റ്റ് മുഖേന ലഭിക്കുന്ന ദർഘാസുകൾ മാത്രമേ സ്വീകരിക്കുകയുള്ളു. ഓരോ പണിയുടേയും ദർഘാസുകൾ പ്രത്യേകം കവറുകളിൽ ഇന്ത്യൻ തപാൽ വകുപ്പ് റജിസ്റ്റേഡ്/സ്പീഡ് പോസ്റ്റ് മുഖേന സമർപ്പിക്കേതാണ്. ദർഘാസുകൾ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ അവധിയായാൽ അടുത്ത പ്രവൃത്തി ദിവസം അവസാന തിയ്യതിയായി കണക്കാക്കേണ്ടതാണ്. തപാലിൽ വരാവുന്ന കാലതാമസത്തിന് കരാറുകാരൻ ഉത്തരവാദിയായിരിക്കും. ദർഘാസ് ഫോറങ്ങളുടെ വിൽപ്പനയും, ദർഘാസ് തപാലിൽ സ്വീകരിക്കുന്നതും തുറക്കുന്നതുമായ തിയ്യതികളും താഴെ കാണിച്ചിരിക്കുന്ന പ്രകാരമായിരിക്കും.

| ക്രമ നം. | ദർ ഘാസ് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (രൂപ) | നിരത ദ്രവ്യം (രൂപ) | കരാറു കാരന്റെ ക്ലാസ് | പ്രവൃത്തി തീർ ക്കേണ്ട കാലാ വധി | ദർഘാസ് പ്രമാണ ത്തിന്റെ വില |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | 20/2017-18 | എം&ആർ-2017-18 വർഷത്തേക്ക് വടക്കാഞ്ചേരി പുഴയിലെ മുട്ടിക്കൽ ചിറ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തികൾ | 3,53,515/- | 8,900/- | 'ഡി' യും അതിനു മുകളിലും | 6 മാസം | 800/- + 12% ജി. എസ്.ടി. |
| 2 | 21/2017-18 | പീച്ചി സ്കീം-ഇടതുകര മെയിൻ കനാലിലെ ചെയിനേജ് 12/000 കി.മീ മുതൽ 12/100 കി.മീ വരെയുള്ള അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾ | 4,34,605/- | 10,900/- | 'ഡി' യും അതിനു മുകളിലും | 6 മാസം | 900/- + 12% ജി. എസ്.ടി. |

**പൊതുമരാമത്ത്  വകുപ്പിലെ എ, ബി, എന്നീ ക്ലാസ് റജിസ്ട്രേഷനുള്ള അർഹരായ കരാറുകാർക്ക് മാത്രമേ  ദർഘാസ് ലഭ്യമാകുകയുള്ളൂ**

| | |
|---|---|
| ദർഘാസ് പ്രമാണങ്ങളുടെ വിൽപ്പന തിയതിയും സമയവും | 03 -04-2018 ഉച്ചയ്ക്ക് 1.00 മണി വരെ |
| പൂരിപ്പിച്ച  ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന  അവസാന തിയതിയും സമയവും | 07 -04-2018 ഉച്ചയ്ക്ക് 3.00 മണി വരെ |
| ദർഘാസ് തുറക്കുന്ന  തിയതി | 07 -04-2018 ഉച്ചയ്ക്ക് 3.30 മണിക്ക് |

ദർഘാസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.  ദർഘാസ് പ്രമാണങ്ങളുടെ നിശ്ചിത വില ട്രഷറി വഴി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ അടച്ച് ചലാൻ സമർപ്പിച്ച് അപേക്ഷിക്കുന്ന കരാറുകാർക്ക് താഴെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും വിൽപ്പനദിവസം ഉച്ചക്ക് ഒരു മണി വരെ ദർഘാസ് പ്രമാണങ്ങൾ ലഭിക്കുന്നതാണ്.  ദർഘാസ് പ്രമാണങ്ങൾ  കൈമാറാൻ പാടുള്ളതല്ല. കേരള ജലസേചന/ പൊതുമരാമത്ത് വകുപ്പിൽ ദർഘാസ് സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. ദർഘാസുകളോടൊപ്പം 200/- രൂപ വിലയുള്ള മുദ്ര കടലാസിൽ തയ്യാറാക്കിയ നിശ്ചിത മാതൃകയിലുള്ള പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിരിക്കേണ്ടതാണ്. പ്രാഥമിക ഉടമ്പടിയുടെ മാതൃക ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പൂർണ്ണമായും പൂരിപ്പിച്ച പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടി വയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. നിരതദ്രവ്യമായി എടുക്കുന്ന നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്/കിസാൻ വികാസ് പത്ര, നാഷണലൈസ്ഡ്/ഷെഡ്യൂൾ ബാങ്ക് രസീതുകൾ (ഒറിജിനൽ) എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പണയപ്പെടുത്തിയിരിക്കേണ്ടതും ആവശ്യമായ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് ഒപ്പിടേണ്ടതുമാണ്. (ഇന്ദിര വികാസ് പത്രങ്ങൾ, പ്രാഥമിക സഹകരണ സംഘങ്ങളിലെ രസീതുകൾ എന്നിവ നിരതദ്രവ്യമായി സ്വീകരിക്കുന്നതല്ല). തൊഴിലാളി സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന ദർഘാസിനോടൊപ്പം അവരുടെ കൈവശമുള്ള എല്ലാ ജോലികളുടേയും വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് സഹകരണസംഘം അസിസ്റ്റന്റ് റജിസ്ട്രാറുടെസർട്ടിഫിക്കറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്.  കേരള നിർമ്മാണ തൊഴിലാളിക്ഷേമനിധി നിയമത്തിന്റെ 8/3 വകുപ്പും നിയമാനുസൃതമുള്ള ജി.എസ്.ടിയും ഈ ദർഘാസിനും ബാധകമായിരിക്കും.

ഇറിഗേഷൻ  ഡിവിഷൻ എക്സിക്യൂട്ടീവ്
എഞ്ചിനീയറുടെ കാര്യാലയം,  തൃശ്ശൂർ
തിയതി: 27-03-2018

എക്സിക്യൂട്ടീവ് എഞ്ചിനിയർ
(കേരള ഗവർണ്ണർക്കു വേണ്ടി)

| | |
|---|---|
| **ജലസേചന വകുപ്പ്** | |
| **ദർഘാസ് പരസ്യം** | |
| **വിൻഡോ നം. 94/ഇഇ/2017-18 തിയിതി 27-03-2018** | |
| **എക്സിക്യൂട്ടീവ്  എഞ്ചിനീയർ** | |
| **ഇറിഗേഷൻ ഡിവിഷൻ** | |
| **തൃശ്ശൂർ-680020**<br>**ഫോൺ- 0487-2332486** | |
| എം&ആർ-2017-18 വർഷത്തേക്ക് വടക്കാഞ്ചേരി പുഴയിലെ മുട്ടിക്കൽ ചിറ അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തികളും പീച്ചി സ്കീം-ഇടതുകര മെയിൻ കനാലിലെ ചെയിനേജ് 12/000 കി.മീ മുതൽ 12/100 കി.മീ വരെയുള്ള അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികളും | |
| അടങ്കൽ തുക: **7,88,120/-** രൂപ | |
| ദർഘാസ് പ്രമാണങ്ങൾ ലഭിക്കുന്ന അവസാന തിയതി | **03-04-2018 ഉച്ചയ്ക്ക് 1 മണി വരെ** |
| **ദർഘാസ് വില: 900 രൂപ + ജി.എസ്.ടി 12%** | |
| ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്ന അവസാന തിയതി | **07 -04-2018 ഉച്ചയ്ക്ക് 3.00 മണി വരെ** |
| **നിരതദ്രവ്യം: 10,900 /- രൂപ** | |
| ദർഘാസുകൾ സ്വീകരിക്കുന്നത് ഇന്ത്യൻ തപാൽ റജിസ്റ്റേഡ് / സ്പീഡ് പോസ്റ്റ് വഴി മാത്രം | |

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ**